XI ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(1) 1999-ലെ തൃശ്ശൂർ കോൾ വികസന അതോറിറ്റി ബിൽ (ശ്രീ.കെ.പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഈ ബില്ലിൽ കൂടി അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഇപ്പോൾ ഇല്ല. പല കാര്യങ്ങളും ഇതിൽ ഉന്നയിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമായി വരുന്നുണ്ട്. മന്ത്രി ഡൽഹിയിൽ വളരെ പ്രധാനപ്പെട്ട ഒരു ചർച്ചയ്ക്കു വേണ്ടി കോമേഴ്സ് മിനിസ്റ്റർ വിളിച്ചിട്ട് പോയതാണെന്ന് എനിക്കറിയാം.

മി. സ്പീക്കർ : ചുമതലപ്പെടുത്തിയിട്ടാണ് പോയത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : ഞാൻ ഇത് നോട്ട് ചെയ്തു കൊടുക്കാം. ഫൈനലായിട്ടുള്ള പൊസിഷൻ അദ്ദേഹം വന്നിട്ട് പറയും.

മി. സ്പീക്കർ : അദ്ദേഹം കൂടി വന്നിട്ട് വിശദമായിട്ട് ഈ ബിൽ നമുക്ക് എടുക്കാം. അതാണ് നല്ലത്.

(ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഡൽഹിയിൽ വളരെ പ്രധാനപ്പെട്ട ഒരു ചർച്ചയിൽ പങ്കെടുക്കാൻ പോയതിനാൽ ഈ ബിൽ മറ്റൊരു ദിവസം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റിവച്ചു)

2. 1997-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് (രജിസ്ട്രേഷനും ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും) ബിൽ (ശ്രീ. പാലോട് രവി നോട്ടീസ് നൽകിയത്)

ശ്രീ. പാലോട് രവി : സർ, ഞാൻ ഈ സഭയിൽ അവതരിപ്പിച്ച ബില്ലാണ്. കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു കേന്ദ്രമാണ് ഈ ആട്ടോമൊബൈൽ രംഗം. അതിൽ ഏറ്റവും പ്രത്യേകമായി ഇപ്പോൾ എടുത്തുപറയേണ്ടത്, ഏതാണ്ട് 40%ത്തോളം വനിതകൾ ഇന്ന് ഈ രംഗത്ത് കടന്നുവന്നിട്ടുണ്ട്. ഞാൻ ഈ ബിൽ അവതരിപ്പിക്കുമ്പോൾ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഒരു ആട്ടോമൊബൈൽ വിപ്ലവം നടക്കുന്ന കാലഘട്ടമാണിത്. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പു മന്ത്രി ഇന്നലെ ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, നമ്മുടെ സംസ്ഥാനത്ത് ഒരോ നിമിഷം കഴിയുംതോറും പലതരത്തിലുള്ള വാഹനങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ടൂ വീലർ ആയിരുന്നാലും ത്രീ വീലർ ആയിരുന്നാലും പുതിയ വാഹനങ്ങളായിരുന്നാലും. അങ്ങനെ പതിനായിരക്കണക്കിന് വാഹനങ്ങൾ ഇങ്ങനെ കൂടിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളുടെ പ്രസക്തി ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഒരു ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം അത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. നമ്മുടെ ഇൻഫർമേഷൻ ടെക്നോളജിയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ കാര്യത്തിലും പുതിയ വാഹനങ്ങൾ നിരത്തിൽ ഇറങ്ങുന്ന കാലഘട്ടമാണിത്. പുതിയ വാഹനങ്ങൾ നിരത്തിലിറങ്ങുന്ന ഈ കാലഘട്ടത്തിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ വന്വിച്ച മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വർക്ക്ഷോപ്പുകളിൽ എന്തു നടക്കുന്നു, എത്രപേർ പണിയെടുക്കുന്നു, എവിടെയെല്ലാം പണിയെടുക്കുന്നു, കേരളത്തിൽ എത്ര വർക്ക്ഷോപ്പുകളുണ്ട് എന്നതിനെയൊക്കെ സംബന്ധിച്ച് അടിയന്തിരമായി ശ്രദ്ധ ഉണ്ടായേ മതിയാകൂ. തിരുവനന്തപുരത്ത് മാത്രം ഒരു വർക്ക്ഷോപ്പ് ഉണ്ടായിരുന്നു ഒരു കാലഘട്ടത്തിൽ, ഇന്ന് വർക്ക്ഷോപ്പുകളില്ലാത്ത ഗ്രാമങ്ങളില്ല. അന്ന് നെടുമങ്ങാട് നിന്നോ നെയ്യാറ്റിൻകര നിന്നോ ഒരു വാഹനം നന്നാക്കണമെങ്കിൽ ഒരേയൊരു വർക്ക്ഷോപ്പിനെ മാത്രം ആശ്രയിച്ച് നമ്മുടെ തിരുവനന്തപുരത്ത് വന്നുകൊണ്ടിരുന്നു. ഇന്ന് നമ്മുടെയൊക്കെ ഗ്രാമപ്രദേശങ്ങളിൽ അനേകം വർക്ക്ഷോപ്പുകൾ രൂപമെടുത്തിട്ടുണ്ട്. ആ വർക്ക്ഷോപ്പുകൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടിയുള്ളവയും അതുപോലെ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുകൂടിയവയും മാത്രമല്ല, പരിശീലനവും യോഗ്യതയും ഉള്ള ആളുകൾ പണിയെടുക്കുന്ന വർക്ക്ഷോപ്പുകളാണ്; പലതരത്തിലുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : കേരളത്തിൽ വാഹനങ്ങൾ ഒരുപാട് വന്നുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞല്ലോ. കാറുകളായാലും ഓട്ടോറിക്ഷകളായാലും മോട്ടോർ സൈക്കിളായാലും ഏറ്റവും കൂടുതൽ വാഹനങ്ങൾ വിറ്റഴിക്കപ്പെടുന്നത് കേരളത്തിലാണ്. പക്ഷേ ഈ വാഹനങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ തമിഴ്നാട് വമ്പിച്ച ഒരു മുന്നേറ്റം നടത്തുന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വാഹനങ്ങൾ നിർമ്മിക്കുന്ന മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

ശ്രീ. പാലോട് രവി : അത് കേന്ദ്രം ഭരിച്ച യു.ഡി.എഫ്.ഗവൺമെന്റിൽ അന്നത്തെ വ്യവസായമന്ത്രി ശ്രീ. മുരശൊലി മാരൻ വമ്പിച്ച സ്വാധീനം ചെലുത്തി. നമ്മുടെ മുഖ്യമന്ത്രിക്കോ നമ്മുടെ ഗവൺമെന്റിനോ ചെയ്യാൻ കഴിയാത്ത ഒരു കാര്യം. അന്ന് ഇവിടത്തെ ഭരണ മുന്നണിതന്നെ പിൻതുണ ചെയ്തുകൊണ്ടു ഡൽഹിയിൽ ഭരിക്കുന്ന ആ ഭരണകൂടത്തിൽനിന്ന് അന്നത്തെ വ്യവസായ മന്ത്രി ശ്രീ. മുരശൊലി മാരൻ മോട്ടോർ രംഗത്ത് വമ്പിച്ച വിപ്ലവം അവിടെ ഉണ്ടാക്കിയിട്ടുണ്ട്. അത് ശ്രീ. കെ.പി. രാജേന്ദ്രൻ പറഞ്ഞത് ശരിയാണ്. ഏറ്റവും കൂടുതൽ ലൈസൻസ് കിട്ടിയത് ശ്രീ. ഐ.കെ. ഗുജ്റാളും, ശ്രീ. ദേവഗൗഡയും ഭരിച്ചിരുന്ന സമയത്താണ്. അതാണ് ആ ഗവൺമെന്റിന്റെ പ്രത്യേകത. നമ്മുടെ സംസ്ഥാനത്ത് പ്രൊഡക്ഷൻ യൂണിറ്റൊന്നുമില്ല, പക്ഷേ ഏറ്റവും വലിയ മാർക്കറ്റായിരിക്കുന്നു. നമുക്ക് ഇവിടെ ഗൾഫ് മണി ഒഴുകുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനം ഇന്ന് വാഹനങ്ങളുടെ കാര്യത്തിൽ ഏറ്റവും വലിയ മാർക്കറ്റായി മാറിയിരിക്കുകയാണ്. വാഹനങ്ങളുടെ എണ്ണം പെരുകുന്നതനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് വർക്ക്ഷോപ്പുകളുടെ എണ്ണവും കൂടുകയാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : അങ്ങ് ഇവിടെ സൂചിപ്പിച്ച കരിപുരണ്ട ജീവിതവുമായി നിൽക്കുന്ന തൊഴിലാളി വർഗ്ഗങ്ങളുടെ ഏറ്റവും വലിയ മേഖലയാണ് ആട്ടോമൊബൈൽ രംഗം. നമ്മുടെ ഗവൺമെന്റു ഇക്കാര്യത്തിൽ ഗൗരവതരമായ ഒരു സമീപനം എടുക്കുന്നില്ല എന്ന് മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. നമ്മുടെ ഗവൺമെന്റിന്റെ ശ്രദ്ധ ഇപ്പോഴേതന്നെ അത്യാധുനികമായ കാറുകളിലും അതിന്റെ വർക്ക്ഷോപ്പുകളിലും മാത്രമാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട ഈ മേഖല ഇന്ന് അവഗണനയുടെ പടുകുഴിയിലാണ്. 40 ശത മാനം വരുന്ന നമ്മുടെ തൊഴിലില്ലാത്ത സഹോദരിമാർ കടന്നുവന്നുകൊണ്ടിരി ക്കുന്ന ഒരു മേഖലയെന്നുള്ള നിലയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതും ശ്രദ്ധിച്ചാൽ വളരെയേറെ ഗുണമുണ്ടാക്കുന്നതുമായ മേഖലയിൽ ഗവൺമെന്റ് അവഗണന കാണിക്കുന്നു. രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ വരുമാനം കൂട്ടാനുള്ള, നമ്മുടെ ബഡ്ജറ്റിന്റെ വരുമാനം കൂട്ടാ നുള്ള ഒരു ശ്രദ്ധ ഈ മേഖലയിൽ ഉണ്ടാകണമെന്ന് ഞാൻ ഈ ബില്ലിലൂടെ ആവശ്യപ്പെടുകയാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, അങ്ങ് ഇപ്പോൾ ഇവിടെ പറഞ്ഞപ്പോൾ കേരളത്തിൽ മൊത്തമുള്ള ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളെക്കുറിച്ചും, അവിടെ പണിയെടുക്കുന്ന തൊഴിലാളികളെ കുറിച്ചും പറഞ്ഞു. ഈ രംഗത്ത് അവർ രൂപീകരിച്ചിരിക്കുന്ന സംഘടന ഒരു വർക്ക്ഷോപ്പിൽ ഒരാളെ മാത്രം അംഗമായി ചേർത്തുകൊണ്ടുള്ള ഒരു സംഘടനയായി രൂപീകൃതമായിരിക്കു ന്നു. ഓരോ വർക്ക്ഷോപ്പിലും ആവറേജ് പത്തിൽ കൂടുതൽ തൊഴിലാളികൾ ഉണ്ട് എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. പാലോട് രവി : അങ്ങ് പറഞ്ഞത് ശരിയാണ്. കേരളത്തിൽ 97-ൽ ഇത്തരത്തിൽ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ രണ്ടുതരത്തിലുള്ള വർക്ക്ഷോപ്പുകൾ ഉണ്ടായിരുന്നു. ഇന്ന് നമുക്കറിയാം മോട്ടോർ വർക്ക്ഷോപ്പ് രംഗത്ത് സ്വയംതൊഴിൽ കണ്ടുപിടിച്ചവരും, ലാഭത്തിനുവേണ്ടി മോട്ടോർ വർക്ക്ഷോപ്പ് നടത്തുന്നവരുണ്ട്. കൂടാതെ ഗവൺമെന്റ് പൊതുമേഖലാസ്ഥാപ നങ്ങൾ, വലിയ കമ്പനികൾ എന്നിവരും വർക്ക്ഷോപ്പ് രംഗത്ത് പ്രവർത്തിക്കു ന്നുണ്ട്. പൊതുമേഖലാ സ്ഥാപനം നടത്തുന്ന വർക്ക്ഷോപ്പ് അവർക്ക് സേവന-വേതന വ്യവസ്ഥകൾ നിലവിലുണ്ട്. ഗവൺമെന്റ് നടത്തുന്ന വർക്ക്ഷോപ്പിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗവൺമെന്റ് പറഞ്ഞിരി ക്കുന്ന മിനിമം വേജസ് മറ്റുള്ള എല്ലാ സേവന വേതന വ്യവസ്ഥകളും നിലവി ലുണ്ട്. ഇത് തുലോം കുറവാണ്. ഇതു രണ്ടും മാറ്റിവച്ചാൽ അങ്ങ് സൂചിപ്പിച്ച തുപോലെ ഏതാണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഗ്രാമങ്ങളിൽ ആയിരക്കണക്കിന് വർക്ക്ഷോപ്പുകൾ, ആ വർക്ക്ഷോപ്പുകളിൽ പണിയെടു ക്കുന്ന ജീവനക്കാർ, ഏതെങ്കിലും ബാങ്കിനെ ചെന്നുകണ്ടു ബാങ്കിൽനിന്ന് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ലോൺ എടുത്ത് അങ്ങനെ സ്വയം ഒരു വർക്ക്ഷോപ്പ് സ്ഥാപിച്ച് അവിടെ പണിയെടുക്കുന്ന തൊഴിലാളി, അവൻതന്നെയായിരിക്കും അവിടത്തെ മുതലാളി അങ്ങനെയും ഉണ്ട്. ബഹുഭൂ രിപക്ഷം സ്ഥാപനങ്ങൾ അങ്ങനെയും നമ്മുടെ നാട്ടിലുണ്ട്. അങ്ങനെയുള്ള നമ്മുടെ ഈ മേഖലയെ സംബന്ധിച്ചിടത്തോളം, പ്രധാനമായും ഈ ആക്ട് പ്രകാരം, ബില്ലിലെ 4-ാം ഖണ്ഡിക പ്രകാരം വർക്ക്ഷോപ്പുകൾ രജിസ്റ്റർ ചെയ്യേണ്ടത് നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ് എന്നുപറഞ്ഞി ട്ടുണ്ട്. അങ്ങ് പറയുന്നത് ഇവിടെ വരും. നമുക്കറിയാം വളരെ വിലപിടിപ്പുള്ള മോഡേൺ കാറുകൾ. ഈ കാറുകളൊക്കെ വിപണിയിൽ ഇറങ്ങുകയും അത് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ മാർക്കറ്റായി മാറിയിരിക്കുകയും ചെയ്തിരിക്കുന്നു. ഈ ബില്ലിൽ 4-ാം ഖണ്ഡികപ്രകാരം ഞാൻ ആവശ്യപ്പെട്ടി രിക്കുന്നത് വർക്ക്ഷോപ്പുകൾ രജിസ്റ്റർ ചെയ്യേണ്ടത് നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കണം. നാളെ രാവിലെ മൂന്നുപേർ കൂടിയിട്ട് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർക്ക്ഷോപ്പ് തുടങ്ങിയിട്ട് ആരെങ്കിലും ഒരാൾ കാറുംകൊണ്ട് അവിടെ ചെന്നാൽ ആ കാർ വർക്ക്ഷോപ്പിൽ കയറ്റിയിട്ട് കാർ ഇല്ലാതാക്കുന്ന ഒരു സ്ഥിതി ഉണ്ടായിക്കൂടാ. അപ്പോൾ ഗവൺമെന്റ് അതിന് ഗൈഡ്ലൈൻ കൊണ്ടുവരണമെന്ന് ഞാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വർക്ക്ഷോപ്പിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ സേവന-വേതന വ്യവസ്ഥകളും, ക്ഷേമനിധിയും ഉറപ്പുവരുത്തുന്നതോടൊപ്പംതന്നെ ഇത്തരത്തിൽ വർക്ക്ഷോപ്പുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് നിർബന്ധപൂർവ്വമായ വ്യവസ്ഥകളും ഉണ്ടാക്കണമെന്നാണ് ഈ ബില്ലിലെ 4-ാം ഖണ്ഡികയിൽ ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, വ്യവസ്ഥകൾ ഉണ്ടാക്കണം എന്നുപറഞ്ഞത് വളരെ ശരിയാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പല വർക്ക്ഷോപ്പുകളും റോഡിനോട് ചേർന്ന് മറ്റു വാഹനങ്ങൾക്ക് പോകാനോ, യാത്രക്കാർക്ക് നടന്നുപോകാനോപോലും കഴിയാത്ത വിധത്തിൽ മെയിൻറോഡിലാണ് സ്ഥിതിചെയ്യുന്നത്. ഇത് റോഡിൽക്കൂടി യാത്രചെയ്യുമ്പോൾ വളരെയധികം അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പാലോട് രവി</u> : നമ്മുടെ റോഡ് വക്കിൽ ഇപ്പോൾ ഈ വർക്ക്ഷോപ്പുകൾ മാത്രമല്ല, നമ്മൾ ആദരിക്കുന്ന പല നേതാക്കന്മാരുടെയും പ്രതിമകളും, കൊടിമരങ്ങളും വഴിമുടക്കികളായിട്ടുണ്ട്. അതിന് പൊതുവേ ഒരു പരിഹാരം ഉണ്ടാക്കാൻ വേണ്ടിയാണ് നമ്മുടെ പൊതുമരാമത്ത് വകുപ്പു മന്ത്രി ശ്രദ്ധിക്കുന്നത് എന്നാണ് നിയമസഭയിൽ പറഞ്ഞത്. അങ്ങ് പറഞ്ഞത് ശരിയാണ്. തടസ്സം ഉണ്ടാക്കുന്നുണ്ട്. കാറുകൾ ഓടുന്ന നിരത്തിന്റെ വക്കിൽ മാത്രമേ വർക്ക്ഷോപ്പുകൾ തുടങ്ങാൻ പറ്റുകയുള്ളൂ. അപ്പോൾ വാഹനം ഓടുന്ന റോഡിന്റെ വക്കിൽ കൊണ്ടുവന്ന് വർക്ക്ഷോപ്പ് തുടങ്ങുമ്പോൾ സ്വാഭാവികമായി വാഹന തടസ്സം ഉണ്ടാകും. ഏറ്റവും കൂടുതൽ വാഹനങ്ങൾ ഓടുന്ന വലിയ നഗരപ്രദേശങ്ങളിൽ കൂടുതൽ തടസ്സമുണ്ടാകും. ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഞാൻ ഒന്നു, രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ വർക്ക്ഷോപ്പുകൾ രജിസ്റ്റർ ചെയ്യണം. ഇന്നത്തെ മോഡേൺ ടെക്നോളജി അനുസരിച്ച്, കാറുകളുടെ മാർക്കറ്റിംഗ് അനുസരിച്ച് ഏറ്റവും കൂടുതൽ കാറുകൾ വിറ്റഴിക്കുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയ്ക്ക് വർക്ക്ഷോപ്പുകളുടെ ഗുണനിലവാരം നമ്മൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, വർക്ക്ഷോപ്പുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. ഗവൺമെന്റ് അപ്രൂവ്ഡ് വർക്ക്ഷോപ്പുകളുണ്ട്, ഗവൺമെന്റിന്റെ വാഹനങ്ങൾ, (മന്ത്രിമാരുടെ ഉൾപ്പടെ) റിപ്പയർ ചെയ്യണമെങ്കിൽ അതിന് ചില നോംസുണ്ട്. ഇപ്പോൾ ആ നോംസ് എല്ലാം തെറ്റിച്ചുകൊണ്ട് ആര് അപ്ലൈ ചെയ്താലും വർക്ക്ഷോപ്പിന് ഗവൺമെന്റ് അപ്രൂവൽ കൊടുക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ ഫലമായി ധാരാളം ഗവൺമെന്റ് വാഹനങ്ങൾ വഴിയിൽ കിടക്കുന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയുമോ?

<u>ശ്രീ. പാലോട് രവി</u> : ഞാൻ ഈ ബില്ലിൽ വളരെ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത് ഗവൺമെന്റ് ഈ മേഖലയെ അവഗണിക്കുന്നു എന്നുള്ളതാണ്. ലക്ഷക്കണക്കിന് രൂപ ഗവൺമെന്റിന്റെ ഭാഗത്ത് ഈ മേഖലയിൽ ദുരുപയോഗം നടക്കുന്നു. ഇത് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആഡിറ്റർമാർ ചൂണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാണിച്ചിട്ടുണ്ട്. ഈ വർക്ക്ഷോപ്പുകളുടെ അപ്രൂവലിനെ സംബന്ധിച്ചും, ഗുണനിലവാരത്തെ സംബന്ധിച്ചും വളരെ സൂക്ഷ്മമായ പരിശോധന ഈ രംഗത്തുണ്ടാകണമെന്ന് ഞാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബില്ലിലെ 5-ാം ഖണ്ഡപ്രകാരം വർക്ക്ഷോപ്പ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് അടയ്ക്കേണ്ടതുൾപ്പെടെയുള്ള കാര്യങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടത്. ശ്രീ. തമ്പാനൂർ രവി ചൂണ്ടിക്കാണിച്ച ചോദ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഈ 5-ാം ക്ലാസാണ്. കാരണം ഇത് പുതുക്കേണ്ട ദിവസത്തെ സംബന്ധിച്ചിടത്തോളം ആരും ശ്രദ്ധിക്കുന്നില്ല. ഇന്നയിടത്ത് ഒരു വർക്ക്ഷോപ്പ് നടക്കുന്നു, ആ വർക്ക്ഷോപ്പിലേക്ക് ഒരു കാർ നന്നാക്കാൻ അയയ്ക്കണമെന്നുപറഞ്ഞ് ആരെങ്കിലും ഏതെങ്കിലും മന്ത്രിയെ സമീപിച്ചാൽ പിറ്റേദിവസം ഓർഡറാണ്. അതുകൊണ്ട് വർക്ക്ഷോപ്പുകൾക്ക് നിർബന്ധമായും ഗുണനിലവാരം ഉണ്ടായിരിക്കണം. വർക്ക്ഷോപ്പുകളുടെ ഗുണനിലവാരം പോലും നോക്കാതെ മന്ത്രിമാർക്ക് ഇഷ്ടമുള്ള വർക്ക്ഷോപ്പുകളിൽ കൊണ്ടുപോയി ഈ പണം ദുരുപയോഗം ചെയ്യുന്ന ഇത്തരം പ്രവൃത്തി നമ്മുടെ സംസ്ഥാനത്ത് വ്യാപകമാണ്. അതുകൊണ്ടാണ് പറഞ്ഞത് സംസ്ഥാനത്തിന്റെ ഖജനാവിൽനിന്ന് അനാവശ്യമായി പണം ചോരുന്നു, നമ്മുടെ ഖജനാവ് ചോരുന്നു എന്ന്. ഞാൻ വളരെ ഗൗരവമായി ഇതിനെക്കുറിച്ച് 5-ാം ഖണ്ഡികയിൽ 5-ാം വകുപ്പനുസരിച്ച് പറഞ്ഞിട്ടുണ്ട്. 9-ാം വകുപ്പനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന വർക്ക്ഷോപ്പുകൾക്ക് പ്രസ്തുത വകുപ്പിൽ പറയുന്ന അവകാശ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഇതിൽ പറഞ്ഞിരിക്കുന്ന ഇതിന്റെ വരുമാനം എങ്ങനെ ഉണ്ടാക്കാമെന്നുള്ളത്, നമ്മുടെ രാജ്യത്ത് അത്യാവശ്യമായി വാഹനങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് മോട്ടോർ വെഹിക്കിൾ ടാക്സിന്റെ വരുമാനവും കൂടുന്നില്ലേ? നമ്മുടെ സംസ്ഥാനത്ത് വാഹനങ്ങൾ കൂടുന്നു, ഞങ്ങൾക്ക് തന്നിരിക്കുന്ന കണക്കനുസരിച്ച് മോട്ടോർ വെഹിക്കിൾ ടാക്സ് കൂടുകയാണ്. ഈ ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിരിക്കുന്നത് മോട്ടോർ വെഹിക്കിൾ ടാക്സിന്റെ ഒരു നിശ്ചിത വരുമാനം വർക്ക്ഷോപ്പുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കണമെന്നാണ്. ഗവൺമെന്റ് അപ്രൂവ് ചെയ്തിരിക്കുന്ന വർക്ക്ഷോപ്പുകളിൽ ഒരു ഇൻ-സർവ്വീസ് കോഴ്സ് ആലോചിക്കണ്ടേ? ആരാ ഈ ജോലി ചെയ്യുന്നത്, ജോലി ചെയ്യുന്നവർക്ക് പരിചയം ഉണ്ടായിരിക്കാം, പക്ഷെ യോഗ്യതയുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട്, ബില്ലിന്റെ വ്യവസ്ഥയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ വർക്ക്ഷോപ്പുകളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്കും അവരുടെ കൂടെ നിൽക്കുന്ന വർക്കേഴ്സിനും ഒരു ഇൻസർവ്വീസ് കോഴ്സ് ആലോചിക്കേണ്ടേ? ഇൻ-സർവ്വീസ് കോഴ്സ് ഈ വ്യവസ്ഥയിൽ പറഞ്ഞിട്ടുണ്ട്. അവർക്ക് ഒരു ഇൻ-സർവ്വീസ് കോഴ്സ് വേണ്ടേ? ഇത് നടത്തണ്ടേ? ആർക്കും ചെന്ന് കൊട്ടുളിയും, ഉളിയും എടുത്തുകൊണ്ട് ഏതു വാഹനവും നന്നാക്കാവുന്ന സ്ഥിതിയിലേക്ക് പോകരുത്. ഞങ്ങൾ തൊഴിലാളികളുമായി സംസാരിച്ചപ്പോൾ അത്തരത്തിൽ ഒരു ഇൻ-സർവ്വീസ് കോഴ്സ് വേണമെന്ന് ഇതിന്റെ യൂണിയനും ആവശ്യപ്പെട്ടിരിക്കുകയാണ്. ഞങ്ങൾക്ക് പരമ്പരാഗതമായി ഈ പണി അറിയാം, പക്ഷെ വരുന്ന പുതിയ കാറുകളുടെ മാറ്റം അനുസരിച്ച് എൻജിന്റെ മാറ്റമനുസരിച്ച് ടെക്നോളജിയിൽ വന്നിരിക്കുന്ന മാറ്റം ഉൾക്കൊണ്ടുകൊണ്ട് ഏതെങ്കിലും ഒരു വർക്ക്ഷോപ്പിലെ സ്വാധീനമുള്ള ഒരാളുവന്ന് ഗവൺമെന്റിൽ അപ്രൂവലിന് സ്വാധീനം ചെലുത്താൻ നിന്നാൽ അപ്രൂവൽ എഴുതി കൊടുക്കുന്നതിനുമുമ്പ് ഈ വാഹനങ്ങൾ പണി ചെയ്യുന്ന വർക്ക്ഷോപ്പുകളിൽ അത്യാവശ്യമായി വേണ്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഇൻ-സർവ്വീസ് കോഴ്സ് നടത്തണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനമായും ഈ ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് നമുക്ക് ഈ ക്ഷേമ നിധിയിൽനിന്ന് പണം കണ്ടെത്താൻ യാതൊരു ബുദ്ധിമുട്ടുമില്ല, അത്രയ്ക്ക് എണ്ണമാണ് ഇവിടെ ചെത്തു തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ശ്രീ. കെ.പി. രാജേന്ദ്രനൊക്കെ പറഞ്ഞതുപോലെ ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽ നിന്ന് ഒരു നഷ്ടവും സഹിക്കാതെ കോടിക്കണക്കിന് രൂപ ഈ രംഗത്ത് നിധി യിലേക്ക് കണ്ടെത്താൻ കഴിയും. കാരണം അത്രയ്ക്കു വർക്ക്ഷോപ്പുകളും, തൊഴിലാളികളും ഈ രംഗത്ത് പ്രർത്തിക്കുന്നുണ്ട്. അവർ ആവശ്യപ്പെട്ടിരിക്കു ന്നത് എന്താണ്? തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങു ന്നതിനോ, ഭവനമുള്ള ഭൂമി വാങ്ങുന്നതിനോ തിരിച്ചടയ്ക്കേണ്ടതായ വായ്പ കൾ തന്നാൽ മതി. ഇപ്പോൾ അവർക്കതില്ല. അവർ ആവശ്യപ്പെടുന്നത് അതാണ്. തങ്ങൾ തിരിച്ചടയ്ക്കാൻ തയ്യാർ. പക്ഷെ അവർക്ക് ഹൗസിംഗ് ബോർഡിൽ പോകുമ്പോൾ ലോൺ കിട്ടുന്നില്ല.

സർ, രണ്ടാമത്തെ ആവശ്യം തൊഴിലാളികളുടെ കുട്ടികളുടേയും ആശ്രിതരുടെയും വിദ്യാഭ്യാസത്തിന് ഫണ്ട് വേണം. വർക്ക്ഷോപ്പിൽ പണി യെടുക്കുന്ന തങ്ങൾ തിരിച്ചടച്ചുകൊള്ളാം. മറ്റൊരു ആവശ്യം വർക്ക്ഷോപ്പ് തൊഴിലാളികളുടെയും അവരുടെ മക്കളുടെയും വിവാഹാവശ്യത്തിന് വായ്പ വേണം. അത് വായ്പയാണ്, അല്ലാതെ ഗ്രാന്റ് ചോദിക്കുന്നില്ല. തൊഴിലാളി കളോ അവരുടെ ആശ്രിതരോ മരണമടയുമ്പോൾ അവർക്ക് എന്തെങ്കിലും മര ണാനുകൂല്യങ്ങൾ കൊടുക്കണം. എല്ലാ ക്ഷേമനിധിയും കൊടുക്കുന്നതല്ലേ?

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : അങ്ങ് വളരെ പ്രതീക്ഷയോടും ആവേ ശത്തോടും കൂടിയാണ് സംസാരിക്കുന്നത്. പക്ഷെ സഭയിൽ വരുന്ന ബില്ലുക ളുടെ ഒരു ചരിത്രവും അതിന്റെ ഗതിയും വേണ്ടത്ര വിലയിരുത്തിയിട്ടാണോ അങ്ങ് ഇത് അവതരിപ്പിക്കുന്നത്?

<u>ശ്രീ. പാലോട് രവി</u> : ഇത് വളരെ ശുഭാപ്തി വിശ്വാസത്തോടുകൂടി പറ യുകയാണ്. ഇന്ന് കേരളത്തിൽ ശ്രദ്ധിക്കപ്പെടേണ്ട ഏറ്റവും വലിയ മേഖല യെന്ന് ഇതെന്ന് ഗവൺമെന്റിന് ബോദ്ധ്യം വന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ഇത് മാനവീയത്തേക്കാൾ ശ്രദ്ധിക്കപ്പെടേണ്ട മേഖലയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പ്രവേശിക്കുമ്പോൾ പോലും ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട ഒരു മേഖ ലയായതുകൊണ്ടാണ്. അതുപോലെതന്നെ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഫീസും അവർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തികസ ഹായവും നൽകണം. ഏറ്റവും പ്രധാനപ്പെട്ട കാര്യം തൊഴിലാളികൾക്ക് പെൻഷൻ നൽകുകയെന്നതാണ്. ഞങ്ങൾ 18 വയസ് മുതൽ പണമടയ്ക്കാം. മാസംതോറും വിഹിതമടയ്ക്കാം. വളരെ ചെറിയ കണക്കനുസരിച്ച് ഞങ്ങൾ അൻപതിനായിരത്തോളം പേരുണ്ട്. ഗവൺമെന്റ് പറയുന്ന വിഹിതം അട യ്ക്കാം. ഞങ്ങൾക്ക് ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽനിന്ന് ഒരു പൈസയും തരണ്ട. കേരളത്തിൽ ഇതുവരെയുള്ള തൊഴിലാളികളുടെ ക്ഷേമ നിധി ബിൽ എടുത്തുനോക്കുമ്പോൾ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ബിൽ ആയിരിക്കും ഞങ്ങളുടേത്. അതുകൊണ്ട് ഞങ്ങൾ ഇതിനാവശ്യമായ പണം തരാം. ഞങ്ങൾക്ക് 60 വയസ് കഴിയുമ്പോൾ ഇത്തിരിപെൻഷൻ തന്നാൽ മതി, ഈ പെൻഷൻ എത്ര താണമെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതി, എന്നാണ് ഈ ബില്ലിൽ പറയുന്നത്. നേരത്തെ ശ്രീ. വിശ്വൻ ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും കൂടുതൽ സഹോദരിമാർ കടന്നുവന്നുകൊണ്ടിരിക്കുന്ന, ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കാൻ കഴിയുന്ന, ഏറ്റവും കൂടുതൽ മാൻപവറിനെ

LIBRARY ARCHIVES Kerala Legislative Assembly

വിദേശത്തേയ്ക്ക് പറഞ്ഞയയ്ക്കാൻ കഴിയുന്ന, ധാരാളം ചെറുപ്പക്കാർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന ഒരു മേഖലയെന്നുള്ള നിലയിൽ ഞങ്ങൾക്ക് അനുകൂലമായി തന്നെ ഈ ബിൽ ഈ സഭയിൽ കൊണ്ടുവരണം. മറ്റൊന്നും കൊണ്ടല്ല, ഈ സഭയിൽ ഇതുപോലെ ഞാൻ ഈറ്റത്തൊഴിലാളികളുടെ ഒരു പ്രൈവറ്റ് ബിൽ കൊണ്ടുവന്നപ്പോൾ, അത് മൂന്നു വർഷം ഈ സഭയിൽ ചർച്ച ചെയ്തപ്പോൾ അങ്ങ് പറഞ്ഞു. ഈറ്റത്തൊഴിലാളികളുടെ ഈ ബിൽ ഞങ്ങൾ കൊണ്ടുവരാമെന്ന്. അങ്ങ് ആ ബിൽ കൊണ്ടുവന്നപ്പോൾ ഈ സഭ അത് ഏകകണ്ഠമായി പാസ്സാക്കി, ആ ബിൽ ഇവിടെ നടപ്പിലാക്കാൻ പോകുകയാണ്. ഈറ്റത്തൊഴിലാളികളുടെ ബില്ലുപോലെതന്നെ ഈ ബില്ലു പാസ്സാക്കിതരുന്നതിന് ഈ ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതു വളരെ ഗൗരവമുള്ള വിഷയമാണ്. വളരെയധികം തൊഴിലാളികൾ കഷ്ടപ്പെട്ട് പണിയെടുക്കുന്ന ഒരു മേഖലയാണ്. അവരുടെ വസ്ത്രവും ജീവിതരീതിയും പരിശോധിച്ചാൽ അത് മനസ്സിലാകും. അവർക്ക് അത്യാവശ്യം വേണ്ട ക്ഷേമനടപടികളും നിയപരമായ ആനുകൂല്യങ്ങളും നൽകേണ്ടത് ആവശ്യമാണ് എന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വർക്ക്ഷോപ്പിൽ പണിയെടുക്കുന്ന ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ആ രംഗത്ത് ചില നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. ഈ തൊഴിലാളികളുടെ എണ്ണവും വൈദ്യുതി ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നതൊക്കെ അടിസ്ഥാനമായി വർക്ക്ഷോപ്പിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം അടിസ്ഥാനമാക്കി അവരുടെ ആരോഗ്യം ക്ഷേമം ഉൾപ്പെടെയുള്ള തൊഴിൽ സാഹചര്യങ്ങൾ 1960-ലെ കടകളും വാണിജ്യാസ്ഥാപനങ്ങളും നിയമപ്രകാരം 1948-ലെ ഫാക്ടറി നിയമപ്രകാരവും ക്രമീകരിച്ചിട്ടുണ്ട്. 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമപ്രകാരം അവർക്ക് പെൻഷനും അർഹതയുണ്ട്. 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ഉള്ള ആനുകൂല്യങ്ങൾക്കും അവർക്ക് അർഹതയുണ്ട്. അവർ എത്രപേർ ഈ ആനുകൂല്യം വാങ്ങുന്നുണ്ട് എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ നേരത്തെ ലേബർ ഡിപ്പാർട്ടുമെന്റ് ഇതുസംബന്ധിച്ച് പരിശോധിച്ചപ്പോൾ ഈ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കുറവാണ്, അതുകൊണ്ട് പ്രത്യേക ക്ഷേമനിധി നിലനിൽക്കുകയില്ല എന്നതാണ് ലേബർ ഡിപ്പാർട്ടുമെന്റിൽനിന്ന് കിട്ടിയിട്ടുള്ള ഉപദേശം. പക്ഷെ എനിക്ക് വ്യക്തിപരമായിട്ട് അതിനോട് യോജിപ്പില്ല, കാരണം വളരെ പഴയകാലത്തെ കണക്കു വച്ചാണ് അവർ ഇത് പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പുതിയ ഒട്ടേറെ വർക്കുഷോപ്പുകൾ ഇവിടെ ഉണ്ടായിട്ടുണ്ട്, ഗ്രാമപ്രദേശങ്ങളിൽപോലും ധാരാളം വർക്കുഷോപ്പുകൾ ഉണ്ട്. അതുകൊണ്ട് ഇത് ഗൗരവമായി കണക്കിലെടുത്ത് അവരുടെ എണ്ണം, അവരുടെ രജിസ്ട്രേഷൻ ഇവ പരിശോധിച്ച് സ്വന്തമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തക്കനിലയിലുള്ള എണ്ണമുണ്ടെങ്കിൽ - അല്ലെങ്കിൽ ഏതെങ്കിലും ക്ഷേമനിധിയുമായി കൂട്ടിച്ചേർത്ത് നിലനിൽക്കത്തക്ക നിലയിൽ, ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ അവതരിപ്പിച്ച ബില്ലിലെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഒരു ബിൽ അവതരിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : നന്നായി, വെരി ഗുഡ്, വെരി ഗുഡ് റിപ്ലൈ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി അവതരിപ്പിച്ച പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പാലോട് രവി : സർ, ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചത് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായിരിക്കുകയാണ്. മാത്രമല്ല ഈ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടു ഈ സഭയിൽ ഒരു ബിൽ കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പശ്ചാത്തലത്തിൽ ഞാൻ എന്റെ സ്വകാര്യ ബിൽ പിൻവലിക്കുകയാണ്.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 1997-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് (രജിസ്ട്രേഷനും ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ ഗുണം മനസ്സിലായല്ലോ. ശ്രീ. ബാലൻ വൈദ്യർക്കും മനസ്സിലായല്ലോ, മറിച്ചുള്ള അനുഭവങ്ങളും ഉണ്ടാകാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : വൈദ്യർ പറഞ്ഞതിൽ തെറ്റൊന്നുമില്ല സാർ, അദ്ദേഹം നാടൻവൈദ്യന്മാർക്കുവേണ്ടി ഇതുപോലുള്ള ഒരു ബിൽ കൊണ്ടുവന്നിട്ട് അദ്ദേഹത്തിനുണ്ടായ ഗതികേടിൽനിന്നാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ നടന്നത് വ്യത്യസ്തമാണ്.

3. 1996-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

ശ്രീ. എം. മുരളി : സർ, ഈ ബില്ലിന്റെ ആദ്യ ചർച്ച നടന്നത് 1996-ൽ 10-ാം കേരള നിയമസഭ നിലവിൽവരുന്ന ആദ്യമാസങ്ങളിൽ ആയിരുന്നു. അന്ന് ശ്രീ. ബേബി ജോൺ സാർ ആയിരുന്നു തൊഴിൽ വകുപ്പുമന്ത്രി. ഞാൻ ഓർക്കുന്നു. അന്ന് ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അദ്ദേഹം ഇതിനെ എതിർക്കുന്നു എന്ന് പറയാതെ ബില്ലിന്റെ സാരാംശം അവതരിപ്പിക്കുക ഗവൺമെന്റ് പരിഗണിക്കാം എന്നാണ് ബില്ലിന്റെ അവതരണവേളയിൽ മറുപടി പറഞ്ഞത്. ശ്രീ. പാലോട് രവി വർക്കുഷോപ്പ് തൊഴിലാളികളുടെ തൊഴിൽ പ്രശ്നത്തെ അവതരിപ്പിച്ചതുപോലെ അതേ സ്പിരിറ്റോടും വികാരത്തോടും കൂടിയാണ് ഞാൻ ഇത് ഇവിടെ അവതരിപ്പിക്കുന്നത്. ഏറ്റവും വലിയ തൊഴിൽമേഖലയിൽ പണിയെടുക്കുന്ന, ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള ഒരു തൊഴിലാളി വിഭാഗത്തിനുവേണ്ടിയുള്ള പെൻഷൻ ക്ഷേമനിധിയെന്നുള്ള നിലയിൽ ഈ ബില്ലിനെ സമീപിക്കുകയും ഒരു നിലപാട് എടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ തുടർചർച്ചയിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ ഓടിപ്പോയി ആശ്രയിക്കുന്നത് ചെത്തുതൊഴിലാളി ക്ഷേമനിധിയേയും നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയേയുമൊക്കെയാണ്. അത് പരസ്യമായ രഹസ്യമാണ്. സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വായ്പയെടുക്കുന്നതുപോലെതന്നെ. നിയമമന്ത്രി അല്ല എന്നുള്ള ഭാവത്തിൽ ഇരിക്കുന്നത് ഞാനും കാണുന്നുണ്ട്. എങ്കിലും ചെത്ത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് തുടങ്ങി കോടിക്കണക്കിന് രൂപയുടെ ആസ്തിയുള്ള പല ക്ഷേമനിധികളെയും ആശ്രിയിച്ചുകൊണ്ടാണ് നമ്മുടെ നിത്യനിദാന ചെലവുകൾപോലും മുന്നോട്ടുപോകുന്നത്.

സർ, കേരളത്തിലെ ഹോട്ടൽ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധിയും പെൻഷൻ പദ്ധതിയും ആവിഷ്കരിക്കണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly